# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3143 28.01.2014 - ൽ മറുപടിക്ക്

## ഡോ. പൗലോസ് ജേക്കബ് നൽകിയ ഭൂമി ഏറ്റെടുക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ | : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതു മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ദേശീയ പാതയിലെ അപകടങ്ങൾ ഒഴിവാക്കുന്നതിനായി അങ്കമാലി ഫെഡറൽ ബാങ്ക് ജംഗ്ഷനിലെ കൂരൻ വീട്ടിൽ ഡോ. പൗലോസ് ജേക്കബ് സൗജന്യമായി നൽകിയ ഭൂമി ഏറ്റെടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ ; | (എ), (ബി) & (സി) | ഡോ. പൗലോസ് ജേക്കബ് സൗജന്യമായി തന്ന 3 സെന്റ് സ്ഥലത്ത് ആർ. ഡി. ഒ - യുടെ അനുവാദം അനുസരിച്ച് കല്ലിട്ടു. ഇത് തഹസിൽദാരെ അറിയിക്കുകയും ചെയ്തു. അതിനു ശേഷം അവിടെയുള്ള കടഉടമസ്ഥർ ഭൂമി ഏറ്റെടുക്കുന്നതിനെതിരെ മുൻസിഫ് കോടതിയിൽ കേസ് ഫയൽ ചെയ്തതിനാൽ തുടർ നടപടികൾ തടസ്സപ്പെട്ടിരിക്കുകയാണ്. കേസിൽ വാദം തുടർന്നു വരുന്നു. |
| (ബി) 2011 - ൽ അപേക്ഷ നൽകിയിട്ടും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിൽ വന്നിട്ടുള്ള കാലതാമസത്തിനു കാരണം വിശദമാക്കാമോ ; | | |
| (സി) ഈ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് കേസ് നിലവിലുണ്ടോ ; എങ്കിൽ കേസ് ഉടൻ തീർപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ